(സി)&(ഡി) കേസ്സ് തീർപ്പ് കല്പിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി നിലവിലുള്ള വ്യവസായ തർക്ക നിയമത്തിൽ ബന്ധപ്പെട്ട സെക്ഷന്റെ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II ചരമോപചാരം

തകഴി ശിവശങ്കരപ്പിള്ള, പി.വി. കുഞ്ഞിക്കണ്ണൻ, ജോർജ് ജോസഫ് മുണ്ടയ്ക്കൽ, എം.പി. ചന്ദ്രശേഖരപിള്ള, എം. ഭാസ്കരൻ നായർ എന്നിവരുടെ നിര്യാണം സംബന്ധിച്ച്.

തകഴി ശിവശങ്കരപിള്ള

[9.30 AM] മി. സ്പീക്കർ : മലയാളത്തിന്റെ മഹാനായ കഥാകാരൻ തകഴി ശിവശങ്കരപ്പിള്ള നിര്യാതനായി. മലയാള സാഹിത്യത്തെ ലോക സാഹിത്യത്തിന്റെ മുൻനിരയിലേയ്ക്ക് കൈപിടിച്ചുയർത്തിയ സർഗ്ഗധനനായ കഥാകാരനായിരുന്നു തകഴി ശിവശങ്കരപ്പിള്ള. അദ്ദേഹം പറഞ്ഞത് ഇവിടത്തെ മണ്ണിന്റെയും അതിൽ പണിയെടുക്കുന്ന പച്ചയായ മനുഷ്യരുടെയും കഷ്ടപ്പാടുകളുടെയും ചെറുത്തുനിൽപ്പുകളുടെയും കഥകളാണ്. മനുഷ്യ ജീവിതത്തിന്റെ ആഖ്യായികാകാരനും വ്യാഖ്യാതാവുമായിരുന്നു തകഴി. കുട്ടനാടിന്റെ ഈ ഇതിഹാസകാരൻ ചിത്രീകരിച്ചത് നാളിതുവരെ സാഹിത്യത്തിന്റെ തിരുമുറ്റത്തു പ്രവേശനം നിഷേധിക്കപ്പെട്ടിരുന്ന സാധാരണക്കാരിൽ സാധാരണക്കാരുടെ ജീവിതകഥകളാണ്. സാമൂഹ്യജീവിതത്തിന്റെ പിന്നാമ്പുറത്ത് കഴിയാൻ വിധിക്കപ്പെട്ടിരുന്ന പച്ച മനുഷ്യരെ അദ്ദേഹം കഥാപാത്രങ്ങളാക്കി. താൻ ജീവിച്ച സമൂഹത്തിന്റെയും കാലഘട്ടത്തിന്റെയും അപഗ്രഥനത്തിൽ തകഴി പ്രകടമാക്കിയ അസാമാന്യമായ ഉൾക്കാഴ്ച, ജീവനുള്ള ഒട്ടനവധി കഥാപാത്രങ്ങൾക്കും കഥാസന്ദർഭങ്ങൾക്കും ജന്മം നൽകി. പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ സൃഷ്ടാക്കളിൽ പ്രമുഖനായിരുന്ന തകഴിയുടെ ഈ ദിശയിലുള്ള സംഭാവനകൾ വിലമതിക്കാനാവാത്തതാണ്. തകഴിയും പി. കേശവദേവും വൈക്കം മുഹമ്മദ് ബഷീറുമെല്ലാം വെട്ടിത്തുറന്ന പാതയിലൂടെയാണ് പിൽക്കാലത്ത് മലയാള സാഹിത്യം അതിന്റെ വിലപ്പെട്ട മുതൽക്കൂട്ടുകളുണ്ടാക്കിയത്. തോട്ടിയുടെ മകൻ, രണ്ടിടങ്ങഴി, ചെമ്മീൻ, ഔസേപ്പിന്റെ മക്കൾ, ഏണിപ്പടികൾ, അനുഭവങ്ങൾ പാളിച്ചകൾ തുടങ്ങി മുപ്പത്തി ഒൻപത് നോവലുകളും, ഇരുപത്തൊന്നു ചെറുകഥാസമാഹാരങ്ങളും, രണ്ടു നാടകങ്ങളും ഒരു യാത്രാ വിവരണവും നാലുഭാഗങ്ങളുള്ള ആത്മകഥയും ഉൾപ്പെടുന്നതാണ് തകഴിയുടെ സാഹിത്യ പ്രപഞ്ചം. തകഴിയുടെ പ്രധാനകൃതികളെല്ലാം വിദേശ ഭാഷകളിലേയ്ക്കും നിരവധി ഭാരതീയ ഭാഷകളിലേയ്ക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തെ തേടിയെത്താത്ത ബഹുമതികളും സാഹിത്യപുരസ്ക്കാരങ്ങളുമില്ല. 1985-ൽ തകഴി, പത്മഭൂഷൺ ബഹുമതി നൽകി ആദരിക്കപ്പെട്ടു. വയലാർ അവാർഡ്, ജ്ഞാനപീഠം അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം, കേന്ദ്രസാഹിത്യ അവാർഡ് എന്നിവ തകഴി എന്ന വിശ്വ സാഹിത്യകാരന് നൽകപ്പെട്ട പുരസ്കാരങ്ങളിൽ ചിലവ മാത്രമാണ്. അസമത്വവും ചൂഷണവും നിറഞ്ഞ സാമൂഹ്യ വ്യവസ്ഥിതിക്ക്

LIBRARY ARCHIVES Kerala Legislative Assembly

എതിരായ ശക്തമായ വിമർശനങ്ങളാണ് തകഴിയുടെ മിക്ക കൃതികളും. വ്യവസ്ഥിതിയുടെ മാറ്റത്തിനുവേണ്ടി അദ്ദേഹം സാഹിത്യസൃഷ്ടികളെ പടവാളാക്കി. സാധാരണക്കാരന്റെ വേദനകൾ ഒപ്പാൻ ഇക്കാലമത്രയും യത്നിച്ചു എന്നതാണ് അദ്ദേഹത്തെ ജനങ്ങൾക്ക് പ്രിയങ്കരനാക്കിയത്. തകഴിയുടെ നിര്യാണം മലയാള ഭാഷയ്ക്കും സാഹിത്യത്തിനും മാത്രമല്ല, കേരളീയ സാംസ്കാരിക ജീവിതത്തിനുതന്നെ അപരിഹാര്യമായ നഷ്ടമാണ്.

പി.വി. കുഞ്ഞിക്കണ്ണൻ

മുൻ നിയമസഭാംഗവും കമ്മ്യൂണിസ്റ്റ്-കർഷക പ്രസ്ഥാനത്തിന്റെ പ്രമുഖ നേതാക്കളിൽ ഒരാളും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മുൻ സംസ്ഥാന കൺവീനറുമായിരുന്ന പി.വി. കുഞ്ഞിക്കണ്ണൻ അടുത്തിടെ അന്തരിച്ചു. അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം സോഷ്യലിസ്റ്റ് ആദർശങ്ങളിൽ ആകൃഷ്ടനാകുകയും 1944-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അംഗമാവുകയും ചെയ്തു. അക്കാലത്ത് അദ്ധ്യാപക പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ സാമൂഹ്യ പ്രവർത്തകരോടൊപ്പം ചേർന്ന 'അദ്ധ്യാപകൻ' മാസികയുടെ മലബാർ ഓർഗനൈസറായി പ്രവർത്തിച്ചു. 1946 മുതൽ പാർട്ടി പ്രവർത്തകനായി അദ്ദേഹം മലബാറിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ സജീവമായ പങ്കു വഹിച്ചു. മലബാറിൽ കർഷകപ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിന് പി.വി. മുൻ നിരയിൽ നിന്ന് പ്രവർത്തിച്ചിട്ടുണ്ട്. കേരളത്തിൽ ഒട്ടേറെ കർഷക പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകിയ പി.വി. ദീർഘകാലം കേരള കർഷക സംഘത്തിന്റെ സംസ്ഥാന സെക്രട്ടറിയും 1980 മുതൽ കുറേക്കാലം അഖിലേന്ത്യാ കിസാൻ സഭയുടെ ജോയിന്റ് സെക്രട്ടറിയുമായിരുന്നു. പലതവണ ജയിൽവാസം അനുഷ്ഠിക്കേണ്ടിവന്ന അദ്ദേഹം അടിയന്തിരാവസ്ഥക്കാലത്ത് 16 മാസം ഒളിവിൽ പ്രവർത്തിച്ചു. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന കൗൺസിൽ അംഗമായിരുന്ന അദ്ദേഹം പിൽക്കാലത്ത് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയോടൊപ്പം നിന്നു. 1970-ൽ പാർട്ടി സംസ്ഥാന കമ്മിറ്റി അംഗമായി. 1972-മുതൽ 1986 വരെ സി.പി.എം. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗമായും 1980 മുതൽ 1986 വരെ എൽ.ഡി.എഫ്. കൺവീനറായും പ്രവർത്തിച്ചിട്ടുണ്ട്. 1977-ൽ മലമ്പുഴയിൽ നിന്നും 1982-ൽ കുത്തുപറമ്പിൽ നിന്നും അദ്ദേഹം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പി.വി. കുഞ്ഞിക്കണ്ണന്റെ മരണത്തോടെ ത്യാഗധനനായ ഒരു നേതാവിനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

ജോർജ് ജോസഫ് മുണ്ടയ്ക്കൽ

മുൻ ലോകസഭാംഗം ജോർജ് ജോസഫ് മുണ്ടയ്ക്കൽ വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെയാണ് രാഷ്ട്രീയരംഗത്തേയ്ക്ക് കടന്നുവന്നത്. കേരളാ കോൺഗ്രസിന്റെ പ്രാരംഭം മുതൽ പ്രസ്തുത പാർട്ടിയുടെ സജീവപ്രവർത്തകൻ ആയിരുന്നു അദ്ദേഹം. 1980 മുതൽ 1989 വരെ ലോക്സഭയിൽ അംഗമായിരുന്ന ജോർജ് ജോസഫ് മൂവാറ്റുപുഴ പാർലമെന്റ് നിയോജകമണ്ഡലത്തിൽ നിന്നാണ് തെരഞ്ഞെടുക്കപ്പെട്ടത്. ഐക്യരാഷ്ട്രസഭയിൽ ഇൻഡ്യൻ പ്രതിനിധി സംഘത്തിലെ അംഗമെന്ന നിലയിൽ പങ്കെടുത്തിട്ടുള്ള ജോർജ് ജോസഫ് മുണ്ടയ്ക്കൽ കെ.ടി.ഡി.സി. ചെയർമാൻ, റബർ ബോർഡ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. കോതമംഗലം പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനവും അദ്ദേഹം വഹിച്ചിരുന്നു. മുണ്ടയ്ക്കൽ ബേബി എന്ന പേരിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. പ്രമുഖ പ്ലാന്റർ കൂടിയായിരുന്ന അദ്ദേഹം കാർഷിക സർവകലാശാലയിൽ വിസിറ്റിംഗ് പ്രൊഫസറായും സേവനമനു

LIBRARY ARCHIVES Kerala Legislative Assembly

ഷ്ഠിച്ചിട്ടുണ്ട്. ബഹുമുഖ വ്യക്തിത്വമുള്ള ഒരു സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകനെയാണ് അദ്ദേഹത്തിന്റെ നിര്യാണംമൂലം നമുക്ക് നഷ്ടമായിരിക്കുന്നത്.

എം.പി. ചന്ദ്രശേഖരപിള്ള

മുൻ തിരു-കൊച്ചി നിയമസഭാംഗവും സ്വാതന്ത്ര്യസമര സേനാനിയുമായിരുന്ന എം.പി. ചന്ദ്രശേഖരപിള്ള നിര്യാതനായി. ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തകനായിട്ടാണ് എം.പി. ചന്ദ്രശേഖരപിള്ള രാഷ്ട്രീയ രംഗത്തേയ്ക്ക് കടന്നുവന്നത്. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു. 1954-56 കാലയളവിൽ അദ്ദേഹം തിരു-കൊച്ചി നിയമസഭയിൽ തിരുവല്ല നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായിരുന്നു. തിരുവല്ലാ മുനിസിപ്പൽ ചെയർമാൻ എന്ന നിലയിലും എം.പി. ചന്ദ്രശേഖരപിള്ള പ്രവർത്തിച്ചിട്ടുണ്ട്. രാഷ്ട്രീയരംഗത്തെന്നപോലെ സാഹിത്യരംഗത്തും വ്യക്തിമുദ്ര പതിപ്പിക്കാൻകഴിഞ്ഞ ചന്ദ്രശേഖരപിള്ള നിരവധി ഗ്രന്ഥങ്ങളുടെ കർത്താവാണ്. ജ്ഞാനേശ്വരി എന്ന വിവർത്തനകൃതിയ്ക്ക് കേന്ദ്രസാഹിത്യ അക്കാദമിയുടെ അവാർഡ് ലഭിച്ചിട്ടുണ്ട്. സംസ്ഥാന ചിൽഡ്രൻസ് ഫിലിം സൊസൈറ്റിയുടെ സ്ഥാപക സെക്രട്ടറിയായിരുന്ന അദ്ദേഹം, മികച്ച ചില ഡോക്യുമെന്ററി ചിത്രങ്ങളും നിർമ്മിച്ചിട്ടുണ്ട്. സാംസ്കാരിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ ഒരു തീരാനഷ്ടമാണ് എം.പി. ചന്ദ്രശേഖരപിള്ളയുടെ നിര്യാണംമൂലം സംഭവിച്ചിട്ടുള്ളത്.

എം. ഭാസ്കൻ നായർ

പ്രമുഖ സ്വാതന്ത്ര്യസമരസേനാനിയും കോൺഗ്രസ് നേതാവുമായിരുന്ന കണ്ടല എം. ഭാസ്കരൻ നായർ അടുത്തകാലത്ത് അന്തരിച്ചു. ദേശീയ സമരത്തിൽ പങ്കെടുത്തതുമൂലം പലതവണ അദ്ദേഹത്തിന് ജയിൽവാസം അനുഷ്ഠിക്കേണ്ടിവന്നിട്ടുണ്ട്. 1937 മുതൽ 1944 വരെ അദ്ദേഹം ശ്രീമൂലം അസംബ്ലിയിൽ അംഗമായിരുന്നു. 1954-ൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽനിന്ന് അദ്ദേഹം തിരു-കൊച്ചി നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ തിരുവനന്തപുരം ജില്ലാ പ്രസിഡന്റ്, കെ.പി.സി.സി. അംഗം, എ.ഐ.സി.സി. അംഗം എന്നീ പദവികളിൽ പ്രവർത്തിച്ചിട്ടുണ്ട്. സഹകരണപ്രസ്ഥാനത്തിന്റെ ആദ്യകാല നേതാക്കളിലൊരാളുമായിരുന്നു ഭാസ്കരൻ നായർ. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റേയും അർബൻ ബാങ്കിന്റേയും പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. തുറമുഖ തൊഴിലാളികളുടെ മിനിമം വേജ് കമ്മിറ്റി ചെയർമാൻ സ്ഥാനവും അദ്ദേഹം വഹിച്ചിട്ടുണ്ട്. സംശുദ്ധമായ പൊതുജീവിതം നയിച്ചിരുന്ന ഭാസ്കരൻ നായരുടെ നിര്യാണത്തോടെ ആർജ്ജവമുള്ള രാഷ്ട്രീയനേതാക്കളുടെ പരമ്പരയിൽപ്പെട്ട ഒരാളെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

പരേതരോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എണീറ്റു നിന്ന് മൗനം ആചരിക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പ സമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

LIBRARY ARCHIVES Kerala Legislative Assembly